പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1540

02.07.2015 ലെ മറുപടിയ്ക്ക്

**ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ**

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരമേററ ശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

**(ബി)** ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**(സി)** ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാനും, കർഷക ആത്മഹത്യകൾ തടയാനും ഇതിനകം എത്ര തുക നീക്കിവച്ചെന്നും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000/- രൂപ നൽകിയിട്ടുണ്ട്. കർഷക ആത്മഹത്യ തടയുന്നതിനായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. എന്നാൽ കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അതു വഴി കർഷക ആത്മഹത്യ തടയുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**